പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.639 — 30.07.2015 ൽ മറുപടിയ്ക്ക്

## ജാഗരൺ ഭാരത്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. പി.സി.വിഷ്ണുനാഥ്<br>ശ്രീ. കെ.എസ്. ശബരീനാഥൻ<br>ശ്രീ. ഹൈബി ഈഡൻ | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ജാഗരൺ ഭാരത് എന്ന പേരിൽ ദേശീയോദ്ധാരണ ക്യാമ്പ് സംഘടിപ്പിച്ചിട്ടുണ്ടോ ; | എ) ഉണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | (ബി) ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളിലെ സംസ്കാരവും തനത് കലാരൂപങ്ങളും നമ്മുടെ നാടിനെ പരിചയപ്പെടുത്തുക വഴി ദേശീയോദ്ഗ്രഥനം ഊട്ടിയുറപ്പിക്കുക എന്നതാണ് ജാഗരൺ ഭാരതിന്റെ ഉദ്ദേശ്യ ലക്ഷ്യം. വിവിധ ഭാഷകളുടെയും വേഷവിധാനങ്ങളുടെയും ആചാരനുഷ്ഠാനങ്ങളുടെയും സംസ്കാരങ്ങളുടെയും ഒത്തുചേരൽ ജാഗരൺ ഭാരത് വഴി സാധ്യമാകുന്നു. |
| (സി) ഇതിന്റെ പ്രവർത്തനത്തിന് എന്തെല്ലാം നടപടിസ്വീകരിച്ചിട്ടുണ്ട്? | (സി) ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളിലെ തനത് കലാരൂപങ്ങൾ അവതരിപ്പിക്കുന്ന കലാകാരൻമാരാണ് ക്യാമ്പിൽ പങ്കെടുക്കാറുള്ളത്. ക്യാമ്പിന്റെ ഭാഗമായി ദേശീയോദ്ഗ്രഥന സെമിനാറുകൾ, വിവിധ ക്ലാസ്സുകൾ, ഇന്റഗ്രേഷൻ വോക്ക്, കലാപരിപാടികൾ, കേരളത്തിലെ ചരിത്രപ്രസിദ്ധ സ്ഥലങ്ങളും വിനോദ സഞ്ചാര കേന്ദ്രങ്ങളും സന്ദർശനം, തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുന്നു. |

സെക്ഷൻ ഓഫീസർ